# IT AND ALLIED EMPLOYEES CONFEDERATION(ITEC)

P.S.Smarakom,Vrindavan Garden,Pattom, Thiruvananthapuram-695004.
Affilliated to AITUC, Trade Union No: 19464/2020
www.itecindia.org , email id-itecindia.mail@gmail.com, Ph: 9487870000

ITEC

PRESIDENT: **A.N.RAJAN** GENERAL SECRETARY: **ANISH ZACHARIAH** TREASURER: **RATHEESH KUMAR.R**

സ്വീകർത്താവ്

**ബഹു കേരള സംസ്ഥാന മുഖ്യമന്ത്രി**

**തിരുവനന്തപുരം**

സർ,

**വിഷയം : മസ്റ്ററിങ്ങ് - പെൻഷൻ മസ്റ്ററിങ്ങ് - അക്ഷയ സംരംഭകർക്ക് കുടിശിഖ തുക അനുവദിക്കുന്നത് സംബന്ധിച്ച് -**

കോവിഡ് 19 വ്യാപനം തടയുന്നതിനുള്ള മുൻകരുതലിന്റെ ഭാഗമായി സംസ്ഥാനത്തെ അക്ഷയകേന്ദ്രങ്ങൾ 23/03/2020 മുതൽ അടച്ചിട്ടിരിക്കുകയാണല്ലോ. സംരംഭകരുടെയും ജീവനക്കാരുടെയും ഉൾപ്പെടെ പതിനായിരത്തോളം ദുർബല കുടുംബങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് അക്ഷയപ്രസ്ഥാനത്തിലൂടെ ജീവനോപാധി കണ്ടെത്തുന്നത് എന്ന വസ്തുത ബഹു. മുഖ്യമന്ത്രിക്ക് അറിവുള്ളതാണല്ലോ.

നിലവിലെ ലോക്ക്ഡൗൺ മൂലം അക്ഷയ സംരംഭകർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. മാസാദ്യം ജീവനക്കാർക്ക് ശമ്പളം നൽകാൻ ബാദ്ധ്യസ്ഥരായ സംരംഭകരെ സംബന്ധിച്ചിടത്തോളം അതിന് ആവശ്യമായ തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ഈ സാഹചര്യത്തിൽ പെൻഷൻ മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട് അക്ഷയ സംരംഭകർക്ക് നൽകുവാനുള്ള കുടിശിഖ തുക അനുവദിക്കുന്ന പക്ഷം അത് പതിനായിരത്തോളം ദുർബല കുടുംബങ്ങൾക്ക് വലിയ ആശ്വാസമായിരിക്കും.

കൂടാതെ സമൂഹത്തിന്റെ നാനാതുറകളിലുമുള്ള അസംഘടിത ദുർബല ജനവിഭാഗങ്ങൾക്ക് ഈ ലോക്ക്ഡൗൺ കാലത്ത് സാമൂഹ്യ സാമ്പത്തിക സുരക്ഷ ഒരുക്കുന്നതിന് മാതൃകാപരമായ കർമ്മ പദ്ധതികൾ നടപ്പാക്കുന്ന സർക്കാർ സ്വന്തം സർവീസ് പ്രോവൈഡറായ അക്ഷയപ്രസ്ഥാനത്തിലെ സംരംഭകർക്കും ജീവനക്കാർക്കും കൂടി ഉപജീവനപ്പടി ലഭ്യമാക്കണമെന്ന ആവശ്യവും സർക്കാരിന്റെ പരിഗണനക്കായി സമർപ്പിക്കുന്നു.

ഈ വിഷയങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വിശ്വസ്തതയോടെ,

എ.എൻ.രാജൻ
പ്രസിഡന്റ്

പകർപ്പ്

1) ബഹു കേരള സംസ്ഥാന ധനകാര്യമന്ത്രി, തിരുവനന്തപുരം

2) ബഹു കേരള സംസ്ഥാന തൊഴിൽവകുപ്പുമന്ത്രി, തിരുവനന്തപുരം

തിരുവനന്തപുരം

01/04/2020